നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ പാസ്സാക്കിയ 2013-ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013-ലെ 8-ാം നമ്പർ 1 നിയമം) വകുപ്പ് 28-ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. അർബൻ ബാങ്കുകളിൽ NAFCUB-ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളും സർവ്വീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിലാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്.

(ഡി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഹെഡ്ഓഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനാവശ്യമുള്ള പരിശീലനവും ബാങ്കുകൾ നൽകിവരുന്നു. സർവ്വീസ് സഹകരണ ബാങ്കുകളിൽ ഏകീകൃതമായ പദ്ധതി നടപ്പിലാക്കുന്നതിനും ആലോചിച്ചു വരുന്നു.

കന്നുകൾ ഇടിച്ചു നിരത്തൽ

21 (*351) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണത്തിനും മറ്റും മണ്ണെടുക്കുന്നതിനുള്ള നിബന്ധനയിൽ നൽകിയ ഇളവിന്റെ മറവിൽ കന്നുകൾ ഇടിച്ചു നിരത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം റോയൽറ്റി ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(സി) വ്യാപകമായി കുന്ന് ഇടിച്ചുനിരത്തുന്നതുമൂലം ഉണ്ടാകുന്ന ശുദ്ധജലക്ഷാമവും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും തടയുന്നതിനായി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻസ് ചട്ടം 14 അനുസരിച്ച് താമസാവശ്യത്തിനുള്ള ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ, 300 ച.മീ. വരെ തറവിസ്തൃതിയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ സാധാരണ മണ്ണ് എടുക്കുന്നതിന് പെർമിറ്റ് എടുക്കേണ്ടതില്ല. എന്നാൽ ഇത്തരം നിർമ്മാണങ്ങൾ നടക്കുന്ന സ്ഥലത്ത് നിന്നും മണ്ണ് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകണമെങ്കിൽ റോയൽറ്റി അടച്ച് മിനറൽ ട്രാൻസിറ്റ് പാസ്സ് ജില്ലാ ജിയോളജിസ്റ്റുമാരിൽ നിന്നും വാങ്ങണം എന്ന നിബന്ധനയും ചട്ടത്തിൽ നിലവിലുണ്ട്. എന്നാൽ ഫ്ലാറ്റുകൾ ഒഴികെയുള്ള വ്യക്തിഗത ഗൃഹനിർമ്മാണങ്ങൾക്ക് മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്ന നിബന്ധന ഒഴിവാക്കി പരിസ്ഥിതി വകുപ്പ് 15-11-14-ൽ പുറപ്പെടുവിച്ച സ.ഉ (കൈ) 12/14/പരി നമ്പർ ഉത്തരവിന്റെ മറവിൽ കുന്നുകൾ ഇടിച്ചു നിരത്തുന്നുവെന്ന് പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത ഉത്തരവ് ദേശീയ ഹരിത ട്രിബ്യൂണലിന്റെ തെക്കൻ മേഖല ബെഞ്ച് സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ നിലവിൽ മണ്ണ് മാറ്റേണ്ടിവരുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

(ബി) കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഇളവുകളുടെ മറവിൽ ചട്ടം ദുരുപയോഗം ചെയ്താലോ അനധികൃതമായി ഖനനം ചെയ്താലോ സാധാരണ മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി നോട്ടീസ് നൽകി പിഴ അടപ്പിച്ചുവരുന്നു. പിഴയടയ്ക്കാത്തവർക്കെതിരെ 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻസ് ചട്ടങ്ങൾ അനുസരിച്ച് റവന്യു റിക്കവറി അടക്കമുള്ള നിയമ നടപടികളും ജില്ലാ ജിയോളജിസ്റ്റുമാർ സ്വീകരിച്ചുവരുന്നു.

(സി) വ്യാപകമായി കുന്നുകൾ ഇടിച്ചു നീക്കുന്നതിനിടനൽകുംവിധം പെർമിറ്റുകൾ അനുവദിക്കാറില്ല. വലിയ തോതിൽ മണ്ണ് മാറ്റുന്നതിനു മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാണ്. പാരിസ്ഥിതിക ശോഷണം തടയുന്നതിനാണ് ഇത്തരം നിബന്ധന വച്ചത്. ദേശീയ ഹരിതട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവോടെ ചെറിയ തോതിൽ മണ്ണ് മാറ്റേണ്ടി വരുന്നവ ഉൾപ്പെടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly